# അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

(ഹാജർ: ഷിബു. എ.റ്റി)

തിരുവനന്തപുരം

നമ്പർ. 11110/2021/ഇ 8/ഡിപി തീയതി. 26/08/2021

വിഷയം:- അച്ചടി വകുപ്പ് - ജീവനക്കാര്യം - ശ്രീ. അനസ് അലിയാർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA (EKM) 904/2021 നമ്പർ കേസിൻമേൽ പുറപ്പെടുവിച്ച 18/06/2021 ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1. അച്ചടി വകുപ്പ് ഡയറക്ടറുടെ 03/06/2021 ലെ 9020/2021/ഇ 8/ഡിപി നമ്പർ കരട് മുൻഗണനാ പട്ടിക.
2. ശ്രീ. അനസ് അലിയാർ സമർപ്പിച്ച 09/06/2021 ലെ പരാതി (Annexure A5).
3. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 18/06/2021 ലെ അന്തിമ വിധിന്യായം.
4. അച്ചടി വകുപ്പ് ഡയറക്ടറുടെ 21/06/2021 ലെ 9020/2021/ഇ 8/ഡിപി (3) നമ്പർ കത്ത്.
5. അച്ചടി വകുപ്പ് ഡയറക്ടറുടെ 21/06/2021 ലെ 9020/2021/ഇ 8/ഡിപി നമ്പർ അന്തിമ മുൻഗണനാ പട്ടിക.
6. അച്ചടി വകുപ്പ് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല വഹിക്കുന്ന ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ടിന്റെ 03/08/2021 ലെ 11110/2021/ ഇ 8/ഡിപി നമ്പർ ഉത്തരവ്.
7. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 13/08/2021 ലെ OA (EKM) 1327/2021 നമ്പർ ഇടക്കാല ഉത്തരവ്.

## ഉത്തരവ്

അച്ചടി വകുപ്പിലെ ഡെപ്യൂട്ടി സൂപ്രണ്ട് തസ്തികയുടെ പോഷക തസ്തികയായ അസിസ്റ്റന്റ് സൂപ്രണ്ട് തസ്തികയിൽ ഉൾപ്പെട്ട ജീവനക്കാരുടെ കരട് മുൻഗണനാ പട്ടിക പരാമർശം (1) പ്രകാരം പ്രസിദ്ധീകരിക്കുകയുണ്ടായി. പ്രസ്തുത കരട് മുൻഗണനാ പട്ടികയ്ക്കെതിരെ ശ്രീ. അനസ് അലിയാർ പരാമർശം (2) പ്രകാരം പരാതി ഉന്നയിക്കുകയുണ്ടായി. തുടർന്ന് ടി വിഷയം സംബന്ധിച്ചുള്ള നടപടികൾ വകുപ്പിൽ തുടരുന്നതിനിടെ ശ്രീ. അനസ് അലിയാർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ OA (EKM) 904/2021 നമ്പർ കേസ് ഫയൽ ചെയ്തു. അപ്രകാരം ഫയൽ ചെയ്യപ്പെട്ട കേസിൻമേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 18/06/2021 ന് പരാമർശം (3) പ്രകാരം അന്തിമ വിധിന്യായം പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത വിധിന്യായത്തിൽ പരാതിക്കാരനായ ശ്രീ. അനസ് അലിയാർ സമർപ്പിച്ച Annexure A3, Annexure A5 എന്നിവ

പരിശോധിച്ച് പരാതിക്കാരനേയും മറ്റ് ബാധിത വ്യക്തികളേയും നേരിൽ കേട്ട് ടി പരാതികൾ തീർപ്പാക്കണമെന്നും ആയത് ടി വിധിന്യായം കൈപ്പറ്റി രണ്ട് മാസത്തിനുള്ളിൽതന്നെ പൂർത്തിയാക്കണമെന്നും ഉത്തരവായിരുന്നു.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (3) വിധിന്യായം ശ്രീ. അനസ് അലിയാർ ഈ കാര്യാലയത്തിൽ സമർപ്പിച്ചത് 30/06/2021 ന് മാത്രമാണ്. ടി വിധിന്യായം ലഭിക്കുന്നതിന് വളരെ മുൻപ് ശ്രീ. അനസ് അലിയാർ സമർപ്പിച്ച Annexure A5 പരാതിയിൻമേൽ പരാമർശം (4) പ്രകാരം മറുപടി നൽകിയിരുന്നു. പരാമർശം (4) ലെ മറുപടി ശ്രീ. അനസ് അലിയാറിന് അയച്ചുകൊടുക്കുകയും തുടർന്ന് പരാമർശം (1) ലെ കരട് മുൻഗണനാ പട്ടിക 21/06/2021 ന് അന്തിമമാക്കികൊണ്ട് പരാമർശം (5) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

എന്നാൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് മാനിച്ചുകൊണ്ട് ശ്രീ. അനസ് അലിയാരെയും മറ്റ് ബാധിത വ്യക്തികളായ ശ്രീമതി സി.ആർ. പ്രജിത, ശ്രീ. എം. അബ്ദുൾ സലാം, ശ്രീ. എസ്. ബിനേഷ് കുമാർ, ശ്രീ. ജെ.യു. കൃഷ്ണകുമാർ എന്നിവരെ 13/07/2021, 27/07/2021 എന്നീ തീയതികളിൽ നേരിട്ട് കേൾക്കുകയുണ്ടായി. ടി ഹിയറിംഗിന് നേരിട്ട് പങ്കെടുക്കുവാൻ കഴിയാതിരുന്ന ശ്രീ. എസ്. ഹരി, ശ്രീ. എം.പി. ജയപ്രകാശ്, ശ്രീ. നെവിൽ സെബാസ്റ്റ്യൻ എന്നിവർ രേഖാമൂലം ടിയാളുകൾക്ക് പറയാനുള്ള വാദഗതികൾ എഴുതി സമർപ്പിക്കുകയും ചെയ്തിരുന്നു.

പരാമർശം (5) ഉത്തരവിലും, പരാമർശം (4) ലെ കത്തിലും ശ്രീ. അനസ് അലിയാരുടെ പരാതി പരിഗണിക്കുകയും ടി വിഷയം സംബന്ധിച്ചുള്ള വ്യവഹാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നിലനിൽക്കുന്നതിനാൽ ടി കേസിന്റെ അന്തിമ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ Annexure A5 പരാതിയിൻമേൽ തീരുമാനം കൈകൊള്ളുന്നതാണെന്നും വിശദമാക്കിയിരുന്നു.

അച്ചടി വകുപ്പിലെ ഡെപ്യൂട്ടി സൂപ്രണ്ട് തസ്തിക എന്നത് വളരെ പ്രധാനപ്പെട്ടതും ഒരുപാട് കാലം ഒഴിച്ചിടുവാൻ കഴിയാത്ത ഒരു തസ്തികയുമാണ്. നിലവിൽ അഞ്ച് ഡെപ്യൂട്ടി സൂപ്രണ്ട് തസ്തികകൾ അച്ചടി വകുപ്പിലെ വിവിധ പ്രസ്സുകളിൽ ഒഴിഞ്ഞു കിടക്കുകയാണ്. ടി തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതിനാൽ സർക്കാരിന്റെ പ്രധാനപ്പെട്ട അച്ചടി ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വളരെയധികം ബുദ്ധിമുട്ടുന്ന അവസ്ഥയാണുള്ളത്. ആയതു കാരണം സർക്കാരിന് വളരെയധികം സാമ്പത്തികമായ ബുദ്ധിമുട്ടും ദൈനംദിന ജോലികളിലും ഭംഗം വരുന്നുണ്ട്. കൂടാതെ ശ്രീമതി സി.ആർ. പ്രജിതയ്ക്ക് അസിസ്റ്റന്റ് സൂപ്രണ്ട് തസ്തികയിൽ OA (EKM) 904/2021 നമ്പർ കേസിലെ പരാതിക്കാരനായ ശ്രീ. അനസ് അലിയാറിനും, ശ്രീ. ജെ.യു. കൃഷ്ണകുമാർ,

ശ്രീ. എസ്. ബിനേഷ് കുമാർ, ശ്രീ. എസ്. ഹരി എന്നിവർക്ക് മുൻപായി സീനിയോറിറ്റി നൽകിയതിനെതിരെ ശ്രീ. ജെ.യു. കൃഷ്ണകുമാർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ OA 1856/2020 നമ്പർ കേസ് ഫയൽ ചെയ്യുകയും ടി കേസ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയിലുമാണ്. കൂടാതെ ടി വിഷയങ്ങൾ സംബന്ധിച്ച് സർക്കാരിലും വിവിധ പരാതികൾ നിലനിൽക്കുകയാണ്.

മേൽ വിവരിച്ച സാഹചര്യത്തിന്റെ അടിസ്ഥാനത്തിലാണ് പരാമർശം (6) പ്രകാരം 03/08/2021 ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത ഉത്തരവിൽ, ഡെപ്യൂട്ടി സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റങ്ങൾ താല്ക്കാലികമായി നൽകി കഴിയുന്നത്രവേഗത്തിൽ പരമാവധി മൂന്ന് മാസത്തിനകം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് അനുസരിച്ചുള്ള അന്തിമ തീരുമാനത്തിലെത്തുന്നതാണെന്ന് ഉറപ്പാക്കികൊണ്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുകയാണുണ്ടായത്. ബന്ധപ്പെട്ട പല കാര്യങ്ങളിലും, ഹയർ ഡി.പി.സി ഉൾപ്പെടെ സർക്കാരിന്റെ സ്പഷ്ടീകരണം ആവശ്യമായി വന്നതിനാലാണ് ഇപ്രകാരം തീർപ്പാക്കിയാക്കിയിട്ടുള്ളത്. ഇക്കാര്യത്തിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ സമയം നീട്ടി ചോദിക്കുന്നതിന് തീരുമാനിച്ചുവെങ്കിലും ആയത് സമയബന്ധിതമായി സമർപ്പിക്കുവാൻ കഴിഞ്ഞിരുന്നില്ല.

ശ്രീ. അനസ് അലിയാർ ഫയൽ ചെയ്ത OA (EKM) No. 904/2021 നമ്പർ കേസിന്റെ വിധിന്യായം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 13/07/2021 ന് ശ്രീ. അനസ് അലിയാർ, ശ്രീമതി സി.ആർ. പ്രജിത എന്നിവരെ അച്ചടി വകുപ്പ് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതലയുള്ള ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ട് നേരിൽ കേൾക്കുകയുണ്ടായി. തുടർന്ന് 27/07/2021 ന് ശ്രീ. അബ്ദുൾ സലാം. എം, ശ്രീ. ജെ.യു. കൃഷ്ണകുമാർ, ശ്രീ. എസ്. ബിനേഷ് കുമാർ എന്നിവരേയും നേരിൽ കേൾക്കുകയുണ്ടായി. ടി ഹിയറിംഗിന് ഹാജരാകുവാൻ കഴിയാതിരുന്ന ശ്രീ. എസ്. ഹരി, ശ്രീ. എം.പി. ജയപ്രകാശ്, ശ്രീ. നെവിൽ സെബാസ്റ്റ്യൻ എന്നിവർ അവരുടെ വാദഗതികൾ രേഖാമൂലം ഹാജരാക്കിയിട്ടുമുണ്ട്.

ശ്രീ. അനസ് അലിയാർ, ശ്രീ. ജെ.യു. കൃഷ്ണകുമാർ, ശ്രീ. എസ്. ഹരി, ശ്രീ. എസ്. ബിനേഷ് കുമാർ, ശ്രീ. എം.പി. ജയപ്രകാശ്, ശ്രീ. നെവിൻ സെബാസ്റ്റ്യൻ എന്നിവർ 21/06/2021 ന് പ്രസിദ്ധീകരിച്ച 9020/2021/ഇ 8/ഡിപി നമ്പർ അന്തിമ മുൻഗണനാ പട്ടികയിലെ ക്രമ നമ്പർ മൂന്നാം പേരുകാരിയായ ശ്രീമതി സി.ആർ. പ്രജിതയ്ക്ക് ടിയാളുകൾക്ക് മുൻപേ സീനിയേറിറ്റി നൽകിയതിനെ എതിർക്കുകയുണ്ടായി. പ്രസ്തുത സീനിയോറിറ്റി ശ്രീമതി സി.ആർ. പ്രജിതയ്ക്ക് നൽകിയതിനെതിരെ ടി ജീവനക്കാർ ഉന്നയിച്ച പൊതുവായ വാദഗതികൾ ചുവടെ ചേർക്കുന്നു.

അച്ചടി വകുപ്പ് ഡയറക്ടറുടെ 01/02/2019 ലെ 17715/2018/ഇ 8/ഡിപി നമ്പർ അന്തിമ സീനിയോറിറ്റി ലിസ്റ്റിലെ 4 മുതൽ 12 വരെയുള്ളവരുടെ വളരെ താഴെ ഇടം പിടിച്ച ശ്രീ. വി. ജയകുമാർ, ശ്രീമതി ആർ. രശ്മി, ശ്രീ. സി.കെ. പ്രേംശങ്കർ, ശ്രീമതി സി. ആർ. പ്രജിത എന്നിവർക്ക് കോടതി വിധിയും ടിയാളുകളുടെ സീനിയോറിറ്റിയും മറികടന്ന് അസിസ്റ്റന്റ് സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുകയുണ്ടായി. കൂടാതെ 21/06/2021 ലെ 9020/2021/ഇ 8/ ഡിപി നമ്പർ അന്തിമ സീനിയോറിറ്റി ലിസ്റ്റിലും ശ്രീമതി സി. ആർ. പ്രജിതയ്ക്ക് ടി പരാതിക്കാർക്ക് മുൻപായി സീനിയോറിറ്റി നിർണ്ണയിച്ച് നൽകുകയുണ്ടായി.

12/11/2018, 28/03/2019 എന്നീ തീയതികളിൽ അസിസ്റ്റന്റ് സൂപ്രണ്ട് തസ്തികയിൽ ഒഴിവ് നിലവിൽ വരുമ്പോൾ ശ്രീ. എം. അബ്ദുൾ സലാമിന് ഗവൺമെന്റ് പ്രസ്സ് സർവ്വീസ് റൂളിൽ നിഷ്കർഷിച്ചിട്ടുള്ള അക്കൗണ്ട് ടെസ്റ്റ് (ലോവർ), അച്ചടി വകുപ്പിൽ അഞ്ച് വർഷകാലയളവിലെ സർവ്വീസ് എന്നിവ സ്വായത്തമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ടി ഒഴിവുകളിൽ പരിഗണിക്കപ്പെടുവാൻ അർഹതയുണ്ടായിരുന്നില്ല എന്നും വിവിധ ഘട്ടങ്ങളിൽ ടിയാളുകൾ ടി പരാതി ഉന്നയിച്ചിരുന്നുവെങ്കിലും നിലവിലെ അന്തിമ ലിസ്റ്റിലും ശ്രീ. എം. അബ്ദുൾ സലാമിനെ പരാതിക്കാർക്ക് മുൻപായി ഉൾപ്പെടുത്തിയിരിക്കുന്നു.

KS & SSR Rule 28 (a) (i), Rule 28 b (A) (vi) (vii) ഉടങ്ങിയ ചട്ടങ്ങൾ, Suseela Devi Vs PSC (1998) എന്ന കേസിൻ മേൽ ബഹു. സുപ്രീം കോടതിയുടെ വിധി പ്രസ്താവം ഉന്നത വിദ്യാഭ്യാസ (എച്ച്) വകുപ്പിന്റെ 09/06/2020 ലെ സ.ഉ (സാധാ) നം. 747/2020/ഉ.വി.വ നമ്പർ ഉത്തരവ്, 20/02/2020 ലെ സ.ഉ (സാധാ) നം. 303/2020/ഉ.വി.വ നമ്പർ ഉത്തരവ്, അച്ചടി വകുപ്പിലെ വിശേഷാൽ ചട്ടം, ടിയാളുകളുടെ അപേക്ഷകൾ എന്നിവ പരിഗണിച്ച് ടിയാളുകൾക്ക് അർഹതപ്പെട്ട സീനിയോറിറ്റി 16/02/2015 മുതൽക്ക് സ്ഥാപിച്ച് നൽകുന്നതിനും മുൻകാല പ്രാബല്യത്തോടുകൂടിയുള്ള സ്ഥാനക്കയറ്റം, അച്ചടി വകുപ്പ് ഡയറക്ടറുടെ 01/02/2019 ലെ 17715/2018/ഇ 8/ഡിപി നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അടിയന്തിരമായി നൽകണമെന്നും 21/06/2021 ലെ 9020/2021/ഇ 8/ഡിപി നമ്പർ അന്തിമ സീനിയോറിറ്റി ലിസ്റ്റിലും ടിയാളുകളുടെ സീനിയോറിറ്റി പുന:സ്ഥാപിക്കണമെന്നമാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

ശ്രീമതി സി.ആർ. പ്രജിത 13/07/2021 ന് ഹിയറിംഗിന് പങ്കെടുത്തപ്പോൾ ഉന്നയിച്ച വാദഗതികൾ ചുവടെ ചേർക്കുന്നു.

ഫീഡർ കാറ്റഗറികളിലെ തസ്തികകൾ ഒരേ ശമ്പള സ്കെയിലായിരിക്കുകയും നിശ്ചിത അനുപാതം ഇല്ലാതിരിക്കുകയും ചെയ്യുമ്പോൾ ആ പ്രത്യേക കാറ്റഗറിയിലേക്കോ, ക്ലാസ്സിലേക്കോ, ഗ്രേഡിലേക്കോ ഉള്ള ആദ്യ നിയമന ഉത്തരവിന്റെ തീയതിയിലൂടെ സീനിയോറിറ്റി കണക്കാക്കി

നിയമനം നടത്തണമെന്ന് പറഞ്ഞിരിക്കുന്നു. (Clause VII below sub rule (7) of rule 28 (b) (i) of KS & SSR)

ശ്രീമതി സി.ആർ. പ്രജിതയ്ക്ക് 2019 ലെ അഡ്ഹോക്ക് ഡിപിസി (ലോവർ) പ്രകാരമാണ് അസിസ്റ്റന്റ് സൂപ്രണ്ടായി നിയമനം ലഭിച്ചിട്ടുള്ളതെന്നും 2020 ലെ ഡിപിസി (ലോവർ) പ്രകാരമല്ലായെന്നും ടിയാളുടെ ജൂനിയർമാരായ അസിസ്റ്റന്റ് സൂപ്രണ്ടുമാർ പി.എസ്.സി മുഖേന നിയമനം ലഭിച്ച ജനറൽ ഫോർമാൻ തസ്തികയിൽ റെഗുലറൈസ് ചെയ്യുന്നതിന് മുൻപുണ്ടായ 28/03/2019 ലെ ഒഴിവിലാണ് ടിയാളെ അസിസ്റ്റന്റ് സൂപ്രണ്ടായി നിയമിച്ചിട്ടുള്ളതെന്നും പറയുന്നു.

കൂടാതെ 28/03/2019 ന് ശ്രീ. അനസ് അലിയാർ അസിസ്റ്റന്റ് സൂപ്രണ്ട് തസ്തികയിലെ യോഗ്യതയായ അക്കൗണ്ട് ടെസ്റ്റ് (ലോവർ) നേടിയിട്ടില്ല എന്നും ആയതിനാൽ അർഹമായ രീതിയിൽ തന്നെയാണ് സീനിയോറിറ്റി കണക്കാക്കി സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ച് അസിസ്റ്റന്റ് സൂപ്രണ്ടായി പ്രൊമോഷൻ നൽകിയിട്ടുള്ളത് എന്നും പറയുന്നു. കൂടാതെ 2016 മുതല 2020 വരെ അസിസ്റ്റന്റ് സൂപ്രണ്ട്, ഡെപ്യൂട്ടി സൂപ്രണ്ട് തസ്തികകളിലേയ്ക്ക് പ്രൊമോഷനുകൾ നടത്തിയപ്പോൾ ശ്രീ. അനസ് അലിയാർ യാതൊരുവിധ തടസ്സവാദവും ഉന്നയിച്ചിട്ടില്ല എന്നും പറയുന്നുണ്ട്.

ജനറൽ ഫോർമാൻ തസ്തികയിൽ നേരിട്ട് നിയമനം ലഭിച്ച, പി.എസ്.സി സീനിയോറിറ്റി ക്രമത്തിലെ ഒന്നാം പേരുകാരനായ ശ്രീ. എം. അബ്ദുൾ സലാം 27/07/2021 ന് പങ്കെടുത്ത ഹിയറിംഗിന് ഉന്നയിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ശ്രീ. എം. അബ്ദുൾ സലാമിന് 20/10/2020 ലെ 222/17/ഇ 8/ഡിപി നമ്പർ ഉത്തരവ് പ്രകാരം അസിസ്റ്റന്റ് സൂപ്രണ്ട് തസ്തികയിലേയ്ക്ക് നിയമനം നൽകുമ്പോൾ വിശേഷാൽ ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള അക്കൗണ്ട് ടെസ്റ്റ് (ലോവർ) 5 വർഷത്തെ പ്രവർത്തി പരിചയം, പോഷക തസ്തികയിൽ പരിവീക്ഷ പ്രഖ്യാപിക്കുക തുടങ്ങിയ യോഗ്യതകളെല്ലാം കരസ്ഥമാക്കിയതിനുശേഷം പൂർണ്ണമായും ചട്ട പ്രകാരമാണ് ടി സ്ഥാനക്കയറ്റം നടന്നിട്ടുള്ളത്.

അസിസ്റ്റന്റ് സൂപ്രണ്ട് തസ്തികയുടെ പോഷക തസ്തികകളിലുള്ളവരുടെ സംയുക്ത സീനിയോറിറ്റി ലിസ്റ്റിൽ നാലാം നമ്പരുക്കാരനായിരുന്ന ടിയാനെ മറികടന്ന്കൊണ്ട് ക്രമ നമ്പർ 13, 19, 20, 21, 23 എന്നീ നമ്പറുകാർക്ക് സ്ഥാനക്കയറ്റം നൽകിയതിൽ അപാകതകൾ ഒന്നുതന്നെയില്ല എന്നും ശ്രീ. കെ.കെ. പ്രദീപ് കുമാർ മാത്രമാണ് ജനറൽ ഫോർമാൻ തസ്തികയിൽ തങ്ങളെക്കാൾ ജൂനിയർ ആയിരുന്ന ആളെന്നും ടിയാന് അസിസ്റ്റന്റ് സൂപ്രണ്ട് തസ്തികയിൽ നിയമനം നൽകിയിട്ടുള്ളത് 20/11/2017 ന് നിലവിൽ വന്ന ഒഴിവിലുമാണ്. ശേഷിക്കുന്ന നാല് പേർ ഹെഡ് റീഡർ, ഹെഡ് കംപ്യൂട്ടർ എന്നീ വിഭിന്നമായ ക്ലാസ്സുകളിൽ ഉൾപ്പെട്ടവരാണെന്നും ആയതിനാൽ ടി അഞ്ചു പേരുടെ

സ്ഥാനക്കയറ്റങ്ങളിൽ KS & SSR റൂൾ 28 a യുടെ ലംഘനം നടന്നിട്ടില്ല എന്നുമാണ് പറഞ്ഞിരിക്കുന്നത്.

ഒരേ ക്ലാസ്സിലും ഗ്രേഡിലും ഉൾപ്പെട്ട പരിവീക്ഷ പൂർത്തീകരിച്ച ജൂനിയർമാരാരും ഇല്ലാതിരിക്കുകയും പരിവീക്ഷയിൽ ഇളവ് നൽകികൊണ്ടുള്ള സർക്കാർ ഉത്തരവുകളൊന്നും ഇറങ്ങാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ നിർബന്ധിതമായ പരിവീക്ഷ പ്രഖ്യാപിച്ചതിനുശേഷം മാത്രമാണ് പി.എസ്.സി മുഖേന നിയമിതരായ ജനറൽ ഫോർമാൻമാരെല്ലാം അസിസ്റ്റന്റ് സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിന് യോഗ്യത നേടിയതെന്നും പറഞ്ഞിരിക്കുന്നു.

മേൽ വിവരിച്ചിരിക്കുന്ന വസ്തുതകൾ പരിശോധിച്ചതിൽ ശ്രീ. എം. അബ്ദുൾ സലാം, ശ്രീ. എസ്. ഹരി, ശ്രീ. എസ്. ബിനേഷ് കുമാർ, ശ്രീ. ജെ.യു. കൃഷ്ണകുമാർ, ശ്രീ. അനസ് അലിയാർ, ശ്രീ. നെവിൽ സെബാസ്റ്റ്യൻ, ശ്രീ. എം.പി. ജയപ്രകാശ് എന്നിവർ കേരള പി.എസ്.സിയുടെ 16/02/2015 ലെ അഡ്വൈസ് പ്രകാരം ജനറൽ ഫോർമാൻ തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരാണ്. പ്രസ്തുത ജീവനക്കാർ 23/06/2018 നോ അതിനുശേഷമോ മാത്രമാണ് ടി ജനറൽ ഫോർമാൻ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളത്. KS & SSR rule 27 (c) പ്രകാരം (a) ഖണ്ഡത്തിലും (b) ഖണ്ഡത്തിലും എന്തുതന്നെ അടങ്ങിയിരുന്നാലും കമ്മീഷന്റെ ശുപാർശയിൻമേൽ ഒരു സർവ്വീസിലുള്ള ഒരു ക്ലാസ്സിലേക്കോ കാറ്റഗറിയിലേക്കോ ഗ്രേഡിലേക്കോ നിയമിക്കപ്പെട്ട ഒരാളിന്റെ സീനിയോറിറ്റി, ശിക്ഷയായിട്ട് അയാളെ ഒരു താഴ്ന്ന റാങ്കിലേയ്ക്ക് തരംതാഴ്ത്തപ്പെട്ടിട്ടില്ലായെങ്കിൽ, ആ ക്ലാസ്സിലേക്കോ കാറ്റഗറിയിലേക്കോ ഗ്രേഡിലേക്കോ അയാളെ നിയമിക്കുന്നതിനായിട്ടുള്ള ആദ്യ effective advice തീയതി അടിസ്ഥാനമാക്കി നിർണ്ണയിക്കേണ്ടതും അങ്ങനെയുള്ള ഉദ്യോഗാർത്ഥികളുടെ ഒരേ ശുപാർശാ ലിസ്റ്റിൽ രണ്ടോ അതിൽ കൂടുതലോ ആളുകൾ ഉൾപ്പെട്ടിട്ടുള്ളപ്പോൾ അവരുടെ ആപേക്ഷിക സീനിയോറിറ്റി കമ്മീഷന്റെ ശുപാർശ ലിസ്റ്റിൽ അവരുടെ പേരുകൾ ക്രമീകരിച്ചിരിക്കുന്ന ക്രമത്തിനനുസൃതമായി നിശ്ചയിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മേൽപ്പറഞ്ഞ ചട്ടം ടി ജീവനക്കാരുടെ ജനറൽ ഫോർമാൻ തസ്തികയിലുള്ള സീനിയോറിറ്റി കണക്കാക്കുന്നതിന് മാത്രമേ സാധിക്കുകയുള്ളൂ. ജനറൽ ഫോർമാൻ തസ്തിക കേരള ഗവൺമെന്റ് പ്രസ്സസ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ, 2016 ലെ ബ്രാഞ്ച് I ലെ കാറ്റഗറിയിൽ ഉൾപ്പെട്ടതാണ്. ഹെഡ് റീഡർ തസ്തിക ടി സ്പെഷ്യൽ റൂളിലെ Branch VI ലെ Category I ലും ഹെഡ് കംപ്യൂട്ടർ തസ്തിക Branch XIII ലെ Category I ലും ആണ് ഉൾപ്പെട്ടിട്ടുള്ളത്. ആയതിനാൽ അസിസ്റ്റന്റ് സൂപ്രണ്ട് തസ്തികയുടെ പോഷക തസ്തികകളായ ജനറൽ ഫോർമാന്റെ ഹെഡ് റീഡർ, ഹെഡ് കംപ്യൂട്ടർ എന്നീ തസ്തികകൾ വിവിധ കാറ്റഗറികളിലുള്ളതാണ്.

KS & SSR, 1958 ലെ Rule 28 (b) (i) (7) (vii) പ്രകാരം ഫീഡർ കാറ്റഗറികളിലെ തസ്തികകൾ ഒരേ ശമ്പള സ്കെയിലായിരിക്കുകയും നിശ്ചിത അനുപാതം ഇല്ലാതിരിക്കുകയും ചെയ്യുമ്പോൾ ആ പ്രത്യേക കാറ്റഗറിയിലേക്കോ ക്ലാസ്സിലേക്കോ ഗ്രേഡിലേക്കോ ഉള്ള ആദ്യ നിയമന ഉത്തരവിന്റെ തീയതിയിലൂടെ സീനിയോറിറ്റി നിർണ്ണയിച്ചുകൊണ്ട്, ഫീഡർ കാറ്റഗറിയിലെ അവരുടെ സീനിയോറിറ്റിക്കനുസൃതമായി നിയമനം നടത്തേണ്ടതാണ്. ടി ചട്ടം പ്രകാരം ജനറൽ ഫോർമാൻ, ഹെഡ് റീഡർ, ഹെഡ് കംപ്യൂട്ടർ എന്നീ തസ്തികകൾ വ്യത്യസ്ത കാറ്റഗറികളിൽപ്പെട്ടതിനാൽ ടി തസ്തികയിലേയ്ക്കുള്ള നിയമന ഉത്തരവ് തീയതി മുതൽ മാത്രമേ ജീവനക്കാരുടെ സീനിയോറിറ്റി നിർണ്ണയിക്കുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ ശ്രീമതി സി. ആർ. പ്രജിതക്ക് 07/03/2018 മുതലാണ് ഹെഡ് കംപ്യൂട്ടർ തസ്തികയിൽ സീനിയോറിറ്റിക്ക് അർഹതയുള്ളത്. ബാക്കിയുള്ള ജനറൽ ഫോർമാൻ തസ്തികയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് 23/06/2018 നോ അതിനുശേഷമോ മാത്രമേ അസിസ്റ്റന്റ് സൂപ്രണ്ട് തസ്തികയുടെ പോഷക തസ്തികകളുടെ മുൻഗണനാ പട്ടികയിൽ സീനിയോറിറ്റി നൽകുവാൻ സാധിക്കുകയുള്ളൂ. എന്നാൽ ഉന്നത വിദ്യാഭ്യാസ (എച്ച്) വകുപ്പിന്റെ 20/02/2020 ലെ സ.ഉ (സാധാ) നം. 303/2020/ഉ.വി.വ നമ്പർ ഉത്തരവ് പ്രകാരം അച്ചടി വകുപ്പ് ഡയറക്ടറുടെ 01/02/2019 ലെ 17715/18/ഇ 8/ഡിപി നമ്പർ അന്തിമ സീനിയോറിറ്റി ലിസ്റ്റിലെ സീനിയോറിറ്റി നിലനിർത്തി നൽകിയിട്ടുണ്ട്. ഇപ്രകാരമുള്ള സീനിയോറിറ്റി ജനറൽ ഫോർമാൻ തസ്തികയിലേയ്ക്ക് മാത്രമേ പരിഗണനാർഹമാകുകയുള്ളൂ.

ശ്രീമതി സി.ആർ. പ്രജിതയ്ക്ക് 2019 ലെ ഒഴിവിൽ അസിസ്റ്റന്റ് സൂപ്രണ്ട് തസ്തികയിൽ നിയമനം നൽകുന്ന തീയതിയായ 27/03/2019 ലെ ഒഴിവിൽ ജനറൽ ഫോർമാൻ തസ്തികയിലുള്ള ആരും തന്നെ പരിവീക്ഷ കാലയളവ് പൂർത്തിയാക്കിയിരുന്നില്ല. കൂടാതെ ടി ജീവനക്കാരുടെ ജനറൽ ഫോർമാൻ തസ്തികയിലെ നിയമനം ക്രമവൽക്കരിച്ചിരുന്നുമില്ല. ടി തസ്തികയിലുള്ളവരുടെ പരിവീക്ഷ കാലയളവ് ഒരു വർഷമായി കുറയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിലേക്ക് കത്തയച്ചിരുന്നുവെങ്കിലും ആയതിനും മറുപടി ഒന്നും തന്നെ ലഭിച്ചിരുന്നില്ല. ടി സാഹചര്യത്തിലാണ് ശ്രീമതി സി.ആർ. പ്രജിത യോഗ്യതകൾ നേടിയിരുന്നതിനാൽ ടിയാളുടെ പേര് മാത്രം ഉൾപ്പെടുത്തി 2019 ലെ അഡ്ഹോക്ക് ഡിപിസി കൂടിയിട്ടുള്ളത്.

KS & SSR Rule 28 (a) പ്രകാരം (Except in the case of appointment to the posts of Head of Departments) no member of a service or class of a service shall be eligible for promotion form the category in which he was appointed to the service unless he has satisfactorily completed his probation in that category.

എന്നാൽ 28 (a) (i) പ്രകാരം ഒരു ക്ലാസ്സിലോ ഒരു കാറ്റഗറിയിലോ ഒരു ഗ്രേഡിലോ ഉള്ള ഒരു probationer നെ ഒരു ഉയർന്ന ക്ലാസ്സിലേക്കോ കാറ്റഗറിയിലേക്കോ ഗ്രേഡിലേക്കോ promote ചെയ്യുന്നതിൽ probation ഒഴികെ മറ്റെല്ലാ യോഗ്യതകളും ഉണ്ടെങ്കിൽ അയാളുടെ ജൂനിയർ അയാളെ അതിക്രമിക്കുവാൻ പാടില്ലാത്തതാകുന്നു. പ്രസ്തുത Rule 28 (a), 28 (a) (i) എന്നിവ ഒരേ കാറ്റഗറിയിൽ ഉള്ളവർക്ക് മാത്രമാണ് ബാധകമാകുന്നത്. നിലവിൽ ശ്രീ. എം. അബ്ദുൾ സലാം ഉൾപ്പെടെയുള്ളവരുടെ ജൂനിയറായ ശ്രീ. കെ.കെ. പ്രദീപ് കുമാർ മാത്രമാണ് അവരുടെ ജൂനിയറായിരുന്നിട്ടും ടിയാളുകളെ മറികടന്ന് അസിസ്റ്റന്റ് സൂപ്രണ്ട് തസ്തികയിൽ നിയമിക്കപ്പെട്ടത്. എന്നാൽ ശ്രീ. കെ.കെ. പ്രദീപ് കുമാറിന് അസിസ്റ്റന്റ് സൂപ്രണ്ട് തസ്തികയിൽ നിയമനം നൽകിയപ്പോൾ ടി അബ്ദുൾ സലാം. എം ഉൾപ്പെടെയുള്ള ജനറൽ ഫോർമാൻ തസ്തികയിൽ നേരിട്ട് നിയമനം ലഭിച്ച ആരുടെയും സേവനം ക്രമവൽക്കരിക്കപ്പെട്ടിരുന്നില്ല. ടി ജീവനക്കാർക്ക് ടി തസ്തികയിൽ ചട്ടം 9 (a) (i) പ്രകാരമുള്ള താല്ക്കാലിക പദവി മാത്രമേയുള്ളൂ എന്ന് സർക്കാർ 24/07/2019 ലെ 60/എച്ച്1/2019/ഉ.വി.വ നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

മേൽ പരാമർശിത സാഹചര്യത്തിൽ പരാമർശം (1) ലെ വിധിന്യായ പ്രകാരം അനസ് അലിയാരുടെയും സമാന പരാതികൾ ഉന്നയിച്ച ശ്രീ. എസ്. ഹരി, ശ്രീ. എസ്. ബിനേഷ് കുമാർ, ശ്രീ. ജെ.യു. കൃഷ്ണകുമാർ, ശ്രീ. നെവിൽ സെബാസ്റ്റ്യൻ, ശ്രീ. എം.പി. ജയപ്രകാശ് എന്നിവരുടെ അപേക്ഷകൾ ഏതൊരുവിധത്തിലും പരിഗണിക്കുവാൻ നിർവ്വാഹമില്ല.

പരാമർശം (7) പ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിൽ പരാമർശം (6) പ്രകാരം രണ്ട് മാസത്തിനുള്ളിൽ തീർപ്പാക്കണമെന്ന നിർദ്ദേശം പാലിക്കാതെ മൂന്ന് മാസത്തിനുള്ളിൽ അന്തിമ തീരുമാനത്തിൽ എത്തുന്നതാണെന്ന ഉത്തരവ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 18/06/2021 ലെ ഉത്തരവിന്റെ ലംഘനമായതിനാൽ പരാമർശം (6) ലെ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും OA (EKM) No. 904/2021 നമ്പർ കേസിൻമേൽ ബഹുമാനപ്പെട്ട ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച വിധിന്യായം മേൽ വിവരിച്ച പ്രകാരം നടപ്പിലാക്കികൊണ്ടും ഉത്തരവാകുന്നു.

ഒപ്പ്/-
അച്ചടി വകുപ്പ് ഡയറക്ടർ

ബന്ധപ്പെട്ട വ്യക്തികൾക്ക്

പകർപ്പ്:- അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, എറണാകുളം/
അച്ചടി വകുപ്പ് ഡയറക്ടറുടെ സി.എ/ഗവ.പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സി.എ/
ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ), ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം/
ഡെപ്യൂട്ടി സൂപ്രണ്ട്, ഗവൺമെന്റ് പ്രസ്സ്, മണ്ണന്തല/എറണാകുളം/ഷൊർണ്ണൂർ/
അസിസ്റ്റന്റ് സൂപ്രണ്ട്, സെൻട്രൽ പ്രിസൺ പ്രസ്സ്, പൂജപ്പുര, തിരുവനന്തപുരം/

അസിസ്റ്റന്റ് സൂപ്രണ്ട്, ഗവൺമെന്റ് പ്രസ്സ്, കണ്ണൂർ/
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ലാ (നോഡൽ) ഓഫീസർ/സീനിയർ സൂപ്രണ്ട്/
ജൂനിയർ സൂപ്രണ്ട്ഇ II/ഇ 10 സീറ്റ്/ഫയൽ/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

സീനിയർ സൂപ്രണ്ട്

എസ്.കെ